# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P11/1970/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 15/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P11/1970/2023 തീയ്യതി: 15/12/2023

## കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എസ്.അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 25-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2023 | 25-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. രഞ്ജിത് കുമാർ ജി.ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ദിവ്യ ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുനിൽകുമാർ യു.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

ശ്രീ. രാഹുൽ ആർ. ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. വൈ.നിസാർ | സെക്രട്ടറി | 01-04-2022 | 07-04-2022 |
| ശ്രീ. സിദ്ദിഖ് വൈ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2022 | 24-04-2022 |
| ശ്രീ. ചെറിയാൻ ജോർജ്ജ് | സെക്രട്ടറി | 25-04-2022 | 22-09-2022 |
| ശ്രീ. അരുൺനാഥ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2022 | 01-10-2022 |
| ശ്രീ. ചെറിയാൻ ജോർജ്ജ് | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സിദ്ദിഖ് വൈ. | അസി. സെക്രട്ടറി | 01-04-2022 | 25-04-2022 |
| ശ്രീ.രാജേഷ് ദാസ് വൈ | അസി. സെക്രട്ടറി ഇൻ ചാർജ്ജ് | 26-04-2022 | 03-05-2022 |
| ശ്രീ. അരുൺനാഥ് ആർ | അസി. സെക്രട്ടറി | 04-05-2022 | 31-03-2023 |
| ഡോ.ജ്ഞന വി. | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.പ്രനിത നെൽസൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 17-04-2022 |
| ഡോ ബ്രിജില എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-04-2022 | 31-03-2023 |
| ഡോ.ധന്യ.ആർ.ദേവ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.സുലത.വി.എസ് | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് | 01-04-2022 | 31-05-2022 |
| ശ്രീമതി അഞ്ജലി സുരേന്ദ്രൻ | ഹെഡ് മിസ്ട്രസ്,(ചാർജ്ജ്) | 01-06-2022 | 03-07-2022 |
| ശ്രീമതി ബിന്ദു എം.എൽ. | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് | 04-07-2022 | 31-03-2023 |
| ശ്രീ.സന്തോഷ് കുമാർ എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശാന്തി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 28-08-2022 |
| ശ്രീമതി ഷൈനി പി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29-08-2022 | 31-03-2023 |
| ശ്രീമതി ബനാസിർ എസ് . | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുധീഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ദീപ പ്ലാസിഡ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.എസ് . | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.താരാ.ജെ.ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശീലാവതി അമ്മ പി. | അക്രഡിറ്റഡ് എഞ്ചിനീയർ, എംജിഎൻആർഇജിഎ | 01-04-2022 | 31-03-2023 |
| ശ്രീ. സരത്ത് ആർ. | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീ. ആരോമൽ എൻ. എസ്. | ഓവർസിയർ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. | | |
| ശ്രീമതി നവിത | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1.1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1.2 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ACR ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1.3 |
| 5 | ശുചിത്വ മിഷൻ ഫണ്ട് ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടില്ല. | 1-1.4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1.5 |
| 7 | പേയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR ൽ നിന്ന് ഒഴിവാക്കിയില്ല. | 1-1.6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1.7 |
| 9 | SAGY പദ്ധതി പ്രകാരമുള്ള തുക B4 ഷെഡ്യൂളിൽ ലൈഫ് ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1.8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-11 |
| 20 | കരാർ പ്രകാരമുള്ള വാടക വർദ്ധനവ് വരുത്തിയില്ല - വരുമാന നഷ്ടം | 1-12 |
| 21 | ലേല തുക പൂർണ്ണമായും ഈടാക്കിയില്ല. | 1-13 |
| 22 | ലോഗ് ബുക്ക് പരിപാലനം | 1-14 |
| 23 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-15 |
| 24 | തരിശ് കൃഷിക്ക് ആനുകൂല്യം - കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക അനുവദിച്ചു. | 1-16 |
| 25 | ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾക്ക് വർഷാ വർഷം ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു. | 1-17 |
| 26 | എസ്.സി കുട്ടികളുടെ എസ്.എസ്.എ വിഹിതം ഇനത്തിൽ 3,60,823/-രൂപ അധികം നൽകി. | 1-18 |
| 27 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 10,19,630/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 28 | നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കിയില്ല. | 1-20 |
| 29 | റോഡ് നിർമ്മാണ പ്രവൃത്തി എഞ്ചിനിയറിംഗ് വിഭാഗം വഴി നടപ്പാക്കാതെ കെ.ഐ.പി യിൽ തുക നിക്ഷേപിച്ചിരിക്കുന്നു. | 1-21 |
| 30 | ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ 15,785/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 31 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല. | 1-23 |

| | | |
|---|---|---|
| 32 | സിമന്റ് വില - മിഷൻ ഡയറക്ടറുടെ ഉത്തരവ് പാലിക്കേണ്ടതാണ്. | 1-24 |
| 33 | കുടിവെള്ള കിണർ നവീകരണം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല. | 1-25 |
| 34 | വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്തൽ പ്രവണത ആശ്വാസ്യകരമല്ല. | 1-26 |
| 35 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതു അവലോകനം | 1-27 |
| 36 | ഹരിതകർമ്മസേന - അവലോകനം | 1-28 |
| 37 | തനതുവരുമാനം - അവലോകനം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 5-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 29-7-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം**

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1–1.1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1–1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ =

13,51,159/-രൂപ.

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40 B – 40 A) = -22,50,775/-രൂപ

**1-1.3 ധനകാര്യ കമ്മീഷൻ ഗ്രാന്റ് – വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ACR ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.**

AFS പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് – 90,38,182/-രൂപ
A.C.R, സുലേഖ പ്രകാരമുള്ള ചെലവ് – 90,27,007/-രൂപ
വ്യത്യാസം – 11,175/-രൂപ
പദ്ധതി - വാട്ടർ ടാങ്ക് വിതരണം ഗുണഭോക്തൃവിഹിതം ഇനത്തിൽ 11,175/-രൂപ CFC ഫണ്ടിൽ നിന്ന് ചെലവഴിച്ചതിനാലാണ് വ്യത്യാസം ഉണ്ടായത്. പിന്നീട് തനത് ഫണ്ടിൽ നിന്ന് 11,175/-രൂപ CFC ഫണ്ടിൽ നിക്ഷേപിച്ചതിനാൽ CFC അക്കൗണ്ടിൽ വ്യത്യാസം വന്നിട്ടില്ല.

**1-1.4 ശുചിത്വ മിഷൻ ഫണ്ട് ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടില്ല.**

പ്രോജക്റ്റ് നമ്പർ 64/23, 65/23 എന്നിവ പ്രകാരമുള്ള ചെലവുകൾ യഥാക്രമം 2,61,318/-രൂപയും, 7,65,518/-രൂപയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
AFS പ്രകാരമുള്ള ശുചിത്വ മിഷൻ ചെലവ് – 11,47,650/- രൂപ
യഥാർത്ഥ ശുചിത്വ മിഷൻ ചെലവ് - 21,74,486/-രൂപ
AFS പ്രകാരമുള്ള ശുചിത്വ മിഷൻ നീക്കിയിരിപ്പ് B4 ൽ - 21,82,700/-രൂപ
യഥാർത്ഥ ശുചിത്വ മിഷൻ നീക്കിയിരിപ്പ് – 11,55,864/-രൂപ

**1-1.5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.**

B18 ൽ Advance To KSEB എന്ന ഹെഡിൽ പദ്ധതി - 140/23 ൽ, MCF ന് 3 ഫേസ് ഇലക്ട്രിക് കണക്ഷന് വേണ്ടി നൽകിയ 9,980/-രൂപയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

B18 ൽ പദ്ധതി-141/23 – MCF ഇലക്ട്രിഫിക്കേഷൻ, 190/23 - AE ഓഫീസ് യു.പി.എസ് വയറിംഗ് എന്നിവ പ്രകാരം പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷന് നൽകിയ യഥാക്രമം 1,00,000/-രൂപയുടേയും, 80,000/-രൂപയുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

B18 ൽ പദ്ധതി - 282/23 – കോട്ടപ്പുറം കല്ലുംമൂട് കനാൽ റോഡ് നിർമ്മാണം, 283/23 – നെല്ലിയാർ മുകൾ വലിയകുഴി റോഡ് നിർമ്മാണം എന്നിവ പ്രകാരം കെ.ഐ.പി-യ്ക്ക് നൽകിയ യഥാക്രമം 4,00,000/-രൂപയുടേയും, 5,00,000/-രൂപയുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**1-1.6 പേയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR ൽ നിന്ന് ഒഴിവാക്കിയില്ല.**

2022-23 ൽ വികസന ഫണ്ട് ജനറൽ, എസ്.സി.പി., എന്നിവയിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ തൻവർഷം പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

വികസന ഫണ്ട് - എസ്.സി.പി.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | പ്രോജക്റ്റ് നമ്പർ | തുക (രൂപ) |
|---|---|---|---|
| 1 | 535/31-3-23 | 108/23 | 16,98,300/- |

വികസന ഫണ്ട് - ജനറൽ

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | പ്രോജക്റ്റ് നമ്പർ | തുക (രൂപ) |
|---|---|---|---|
| 1 | 521/29-3-23 | 176/23 | 80,869/- |
| 2 | 532/30-3-23 | 126/23 | 1,400/- |
| 3 | 539/31-3-23 | 120/23 | 1,07,000/- |

| | | | |
|---|---|---|---|
| 4 | 540/31-3-23 | 113/23 | 80,000/- |
| 5 | 541/31-3-23 | 122/23 | 1,12,500/- |
| 6 | 543/31-3-23 | 218/23 | 1,24,833/- |
| 7 | 542/31-3-23 | 227/23 | 1,37,281/- |
| 8 | 554/31-3-23 | 123/23 | 5,00,000/- |
| 9 | 536/31-3-23 | 118/23 | 1,49,450/- |
| 10 | 537/31-3-23 | 119/23 | 1,47,000/- |
| | | **ആകെ** | **14,40,333/-** |

**1-1.7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.**

തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

**1-1.8 SAGY പദ്ധതി പ്രകാരമുള്ള തുക B4 ഷെഡ്യൂളിൽ ലൈഫ് ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.**

B4 ഷെഡ്യൂളിൽ ലൈഫ് – 10,25,680/-രൂപ (ലൈഫ്-10,00,000/-, SAGY-25,680/-)

**1-2 ബജറ്റ്**

23.03.22 ലെ 1 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.03.23 ലെ 5(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 1,92,76,977/-രൂപ |
| വരവ് | 4,46,33,800/-രൂപ |
| ആകെ | 6,39,10,777/-രൂപ |
| ചെലവ് | 4,68,84,575/-രൂപ |
| നീക്കിയിരിപ്പ് | 1,70,26,202/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,71,505/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

**1-4 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്പ്സായ തുക/നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,07,12,000/- | 2,07,12,000/- | 1,88,79,316/- | 18,32,684/- |
| വികസനഫണ്ട് | 0 | 1,82,26,000/- | 1,82,26,000/- | 1,65,15,429/- | 17,10,571/- |

| | | | | | |
|---|---|---|---|---|---|
| (എസ്.സി.പി) | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി | 0 | 12,84,719/- | 12,84,719/- | 5,64,369/- | 7,20,350/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | 9,11,154/- | 38,43,337/- | 47,54,491/- | 41,49,299/- | 6,05,192/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ട്രഷറി | 0 | 21,03,217/- | 21,03,217/- | 9,53,403/- | 11,49,814/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ബാങ്ക് | 45,04,965/- | 54,03,000/- | 99,07,965/- | 33,59,936/- | 65,48,029/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 42,78,000/- | 42,78,000/- | 30,72,117/- | 12,05,883/- |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 0 | 75,15,000/- | 75,15,000/- | 69,81,222/- | 5,33,778/- |
| **സംസ്ഥാനാവിഷ്കൃത ഗ്രാന്റ്** | | | | | |
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 8,00,000/- | 19,00,000/- | 27,00,000/- | 17,00,000/- | 10,00,000/- |
| സാക്ഷരത | 4,349/- | 0 | 0 | 0 | 4,349/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 38,919/- | 2,99,567/- | 3,38,486/- | 2,99,567/- | 38,919/- |
| എസ്.എസ്.എ | 6,030/- | 365/- | 6,395/- | 0 | 6,395/- |
| Best Panchayat Award | 1,00,000/- | 0 | 1,00,000/- | 0 | 1,00,000/- |
| **കേന്ദ്രാവിഷ്കൃത ഗ്രാന്റ്** | | | | | |
| ICDS | 1,377/- | 20,26,274/- | 20,27,651/- | 16,26,623/- | 4,01,028/- |
| TSC | 33,30,350/- | 0 | 33,30,350/- | 21,74,486/- | 11,55,864/- |
| MNREGS ഭരണചെലവുകൾ | 0 | 14,87,923/- | 14,87,923/- | 14,86,765/- | 1,158/- |
| SAGY | 25,680/- | 0 | 25,680/- | 0 | 25,680/- |
| AYUSH | 0 | 5,00,000/- | 5,00,000/- | 0 | 5,00,000/- |
| Award | 2,00,000/- | 0 | 2,00,000/- | 0 | 2,00,000/- |
| Welfare | 94,000/- | 0 | 94,000/- | 0 | 94,000/- |
| ഹെൽത്ത് ഗ്രാന്റ്, പി.എച്ച്.സി | 0 | 3,84,573/- | 3,84,573/- | 2,87,070/- | 97,503/- |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ്, സബ് സെന്റർ | 0 | 2,39,237/- | 2,39,237/- | 1,42,250/- | 96,987/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 246 | 12,28,33,511/- | 200 | 7,46,96,598/- | 0 | 46 | 60.1 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ MNREGA A/c | 0 | 14,87,923/- | 14,87,923/- | 14,86,765/- | 1,158/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5,30,29,857/- | 5,30,29,857/- | 5,30,29,857/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 2,880/- |
| കർഷകതൊഴിലാളി പെൻഷൻ | 6,73,400/- |
| വിധവാപെൻഷൻ | 1,57,59,200/- |
| വാർദ്ധക്യകാലപെൻഷൻ | 2,84,66,000/- |
| വികലാംഗപെൻഷൻ | 46,82,800/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,94,600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,80,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2023 3.50 P.M. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,446/-ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള

പഞ്ചായത്തിലെ എല്ലാ വരവുകളും ഐ.എൽ.ജി.എം.എസ് വഴി രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.
വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്.

റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിന് പ്രതിമാസ ചെലവുകൾ കൃത്യമായി പരിശോധിച്ച് അംഗീകരിച്ചുവരുന്നു. നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കൂടി കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.
തെരുവ് വിളക്കുകൾ യഥാസമയം തന്നെ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ മെയിന്റനൻസ് നടത്തുകയും ചെയ്യേണ്ടതാണ്. പോസ്റ്റുകളുടെ വിശദാംശങ്ങൾ ചേർത്ത് സമഗ്രമായ വാർഡ് തല രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
വികസനകാര്യ സ്ഥിരം സമിതിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതിയായി മാറി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിന്റെ അനിവാര്യ ഘടകമാണ് മോണിറ്ററിംഗ്. ആയത് കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ഥിരം സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.
മരാമത്ത് പ്രവൃത്തികൾക്ക് മതിയായ ഫണ്ട് വകയിരുത്താതെ വാർഡ് തലത്തിൽ ഫണ്ട് വിഭജനം നടത്തി ഓരോ റോഡിന്റെ ഏതാനും ഭാഗങ്ങൾ മെയിന്റനൻസ് നടത്തുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1,75,100/-രൂപ വീതം ഭാഗം വച്ചാണ് പ്രവൃത്തികൾ രൂപീകരിച്ചിരിക്കുന്നത്. ഇത്തരം പ്രവണതകൾ ആശാസ്യകരമല്ല. മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് എടുക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കാത്തത് ഓഡിറ്റ് വേളയിൽ ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തി. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പൊതു ആസ്തി നിർമ്മാണ പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.11.22 | 07/2022 മുതൽ 09/2022 വരെ | 30.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 | 2014/15 മുതൽ 2018/19 വരെ | 23.12.2019 |

**1-11 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ.അജികുമാർ സി.ജി., പള്ളിയിൽ, കുളക്കട
2. ശ്രീ.പി.സുരേന്ദ്രൻ, അനുസദനം
3.ശ്രീ. ഷൈജു എസ്., ശരത് ഭവനം
4. ശ്രീ.ജയിംസ് എസ്., ജോയി ഭവനം
5. ശ്രീ.അജിമോൻ, അജിഭവനം
6. ശ്രീ.രാജു എൻ., ആലുവിള വീട്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/25.11.23) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 16/25.11.2023**

**1-12 കരാർ പ്രകാരമുള്ള വാടക വർദ്ധനവ് വരുത്തിയില്ല - വരുമാന നഷ്ടം**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊരീക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 09/1066 മുതൽ 09/1073 വരെയുള്ള കടമുറികൾ പ്രതിമാസം 5,900/-രൂപ നിരക്കിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് നടത്തുന്നതിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തും സപ്ലൈകോ സൂപ്പർമാർക്കറ്റും തമ്മിൽ 28.02.2019-ൽ ഏർപ്പെട്ട കരാർ പ്രകാരം 3 വർഷത്തിൽ ഒരിക്കൽ 15% വാടക വർദ്ധനവ് വരുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വാടക നിരക്കിൽ 2022-23 മുതൽ 15% വാടക വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം വർദ്ധനവ് വരുത്താത്തത് മൂലം ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിന് 12,528/-(ജി.എസ്.ടി ഉൾപ്പെടെ)രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. കരാർ പ്രകാരമുള്ള വർദ്ധനവ് വരുത്താത്തത് മൂലം ഗ്രാമപ്പഞ്ചായത്തിന് നഷ്ടമായ 12,528/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന വാടക - 96,072/-രൂപ, ഈടാക്കിയ വാടക - 83,544/-രൂപ (ജി.എസ്.ടി ഉൾപ്പെടെ)

**ഓഡിറ്റ് എൻക്വയറി നം - 08/24.11.2023**

**1-13 ലേല തുക പൂർണ്ണമായും ഈടാക്കിയില്ല.**

ലേല നിബന്ധന നോട്ടീസിലെ ക്രമ നമ്പർ 4 പ്രകാരം ലേലം കൊള്ളുന്നവർ ലേലം കഴിഞ്ഞാൽ ഉടൻതന്നെ ലേല തുകയും ടി തുകയുടെ 18% ജി.എസ്.ടി.യും ഒന്നായി ഒടുക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ലേല രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്ന് ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല ഇനം | ലേലം കൊണ്ട വ്യക്തി | ലേല തുക (രൂപ) | ഈടാക്കിയ തുക(രൂപ) | കുടിശ്ശിക(രൂപ) |
|---|---|---|---|---|---|
| 1 | പൊരീക്കൽ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കാനുള്ള അവകാശം | ശ്രീ.സാലി എബ്രഹാം തോട്ടത്തിൽ വീട് | 65,500/- | 60,000/- | 5,500/- |
| 2 | മാട്ടിറച്ചി വ്യാപാരം (പൊരീക്കൽ ജം.) | ശ്രീ.യേശുദാസ്, ലൂർദ് വിലാസം | 1,32,000/- | 66,000/- | 66,000/- |

ബാധകമായ ജി.എസ്.ടി.സഹിതം കുടിശ്ശിക തുകകൾ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം - 13/24.11.2023**

**1-14 ലോഗ് ബുക്ക് പരിപാലനം**

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 24V4510 - ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

30-06-2007 ലെ ജി.ഒ.(എം.എസ്.) 170/2007/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

സർക്കുലർ നമ്പർ 41/2008/ധന./02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് ലോഗ്ബുക്കിൽ നിർദിഷ്ട ഭാഗത്ത് രേഖപ്പെടുത്തിയിട്ടില്ല.

ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

മാസാവസാനം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയ ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത വിവരം കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ധനകാര്യ വകുപ്പിന്റെ 02.08.2008 ലെ സർക്കുലർ നം.41/2008/ധന-ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**1-15 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.**

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി മുൻകൂറായി കെ.എം.എസ്.സി.എൽ-ന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | നൽകിയ തുക (രൂപ) | പ്രോഫോർമ ഇൻവോയ്സ് നം. | ലഭ്യമായ മരുന്നിന്റെ വിവരം തുക(രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക(രൂപ) |
|---|---|---|---|---|
| S0026/23, കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | ബിൽ നമ്പർ - 12/23.12.22, 5,24,745/- | PRF 2877/09.12.22 | 3,22,404/- | 2,02,341/- |
| “ | ബിൽ നമ്പർ - 22/23.12.22, 1,76,252/- | PRF 5196/10.03.23 | 1,36,540/- | 39,712/- |
| S00149/23, ക്യാൻസർ, ഡയാലിസിസ് മരുന്ന് വാങ്ങൽ, ഇൻസുലിൻ വാങ്ങൽ | ബിൽ നമ്പർ- 14/23.12.22, 2,00,000/- | PRF 2876/ 09.12.22 | 1,77,680/- | 22,320/- |
| S0028/23, സാന്ത്വന പരിചരണ പദ്ധതി | ബിൽ നമ്പർ- 13/23.12.22, 1,53,660/- | PRF 2744/03.12.22, | 1,35,492/- | 18,168/- |
| | ബിൽ നമ്പർ - 21/25.03.23, | PRF 5033/06 /03.23 | 19,236/- | 5,764/- |

| | | | | |
|---|---|---|---|---|
| | 25,000/- | | | |
| | | | **ആകെ** | **2,88,305/-** |

2,88,305/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ. മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,88,305/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 7/24.11.23**

**തടസ്സപ്പെടുത്തുന്ന തുക – 2,88,305/-രൂപ**

**1-16 തരിശ് കൃഷിക്ക് ആനുകൂല്യം – കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക അനുവദിച്ചു.**

3 വർഷത്തിൽ കൂടുതലായി തരിശായി കിടക്കുന്ന കൃഷി സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകന് തരിശ് കൃഷിക്കുള്ള പതിനാലാം പദ്ധതി – സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ആനുകൂല്യം നൽകുന്നതിന് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ ചേർക്കും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക (രൂപ) | | ചെലവഴിച്ച തുക (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | ഞങ്ങളും കൃഷിയിലേക്ക്- തരിശുകൃഷി വികസനം | 6,08,000/- | | 20,336/- (വികസനഫണ്ട്) | 16-31.03.23 |
| | | വികസനഫണ്ട് | 2,00,000/- | | |
| | | ബ്ലോക്ക് വിഹിതം | 1,04,000/- | | |
| | | മറ്റുള്ളവ | 3,04,000/- | | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് തരിശ് കൃഷിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിൽ അധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്നും, തരിശ് ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നുമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകേണ്ടത്. പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ ഇപ്രകാരമുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. തരിശ് ഭൂമിയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് കൃഷി ഓഫീസർ മറുപടി നൽകി. ധനസഹായം അനുവദിക്കുന്നതിന് മുമ്പായി മാർഗ്ഗരേഖയിലെ നിർദ്ദേശം പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

**1-17 ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾക്ക് വർഷാ വർഷം ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു.**

വാർഷിക പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ പതിനാലാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (ഖ.12.3) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച് നൽകിയ മുൻഗണനാ പട്ടികയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിന് ശേഷമേ പുതിയ പട്ടിക തയ്യാറാക്കാവൂ എന്നും, സമാന സ്വഭാവമുള്ള പ്രോജക്ടുകൾക്ക് വർഷാ വർഷം ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതില്ലെന്നും ആയതിലേക്ക് ആവശ്യമായ ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച് നൽകിയ ഗുണഭോക്തൃപട്ടികയിൽ നിന്ന് വേണം തെരെഞ്ഞെടുക്കേണ്ടതെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാവർക്കും ആനുകൂല്യം

നൽകിയതിന് ശേഷമേ പുതിയ പട്ടിക തയ്യാറാക്കാവൂ എന്നും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ സമാന സ്വഭാവമുള്ള പദ്ധതികൾക്ക് പോലും (ഉദാ. വീട് മെയിന്റനൻസ് (ജനറൽ), (എസ്.സി.)) എല്ലാവർഷവും ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു. തന്മൂലം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഭൂരിഭാഗം വ്യക്തികൾക്കും ധനസഹായം ലഭിക്കുന്നില്ല. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശപ്രകാരം ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-18 എസ്.സി കുട്ടികളുടെ എസ്.എസ്.എ വിഹിതം ഇനത്തിൽ 3,60,823/-രൂപ അധികം നൽകി.**

പദ്ധതി - 217/23 എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി)

അടങ്കൽ – 5,00,000/-രൂപ (എസ്.സി.പി)

ചെലവ് - 5,00,000/-രൂപ (ബിൽ നമ്പർ-2/21-10-22)

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മിസ്ട്രസ്

പദ്ധതി പ്രകാരം എസ്.സി കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസ വികസനത്തിനായി 5,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 ൽ എസ്.സി കുട്ടികൾക്കുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പദ്ധതി വിഹിതം 1,39,177/-രൂപ എന്നാണ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, കൊല്ലം 12-7-22 ലെ എസ്.എസ് കെ2/750/2022-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചത്. എന്നാൽ 5,00,000/-രൂപ നൽകിയത് കാരണം 3,60,823/-രൂപയുടെ അധികചെലവുണ്ടായി. അധികം നൽകിയ തുക തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. എസ്.സി കുട്ടികളുടെ എസ്.എസ്.എ വിഹിതം ഇനത്തിൽ അധികം നൽകിയ 3,60,823/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 3/21-11-23**

**തടസ്സപ്പെടുത്തിയ തുക – 3,60,823/-രൂപ**

**1-19 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 10,19,630/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പദ്ധതി | നിർവ്വഹണ ഏജൻസി | നൽകിയ തുക (രൂപ) | ബിൽ നം./തീയതി |
|---|---|---|---|
| 114/23, ഐ.കെ.എം ന് വിഹിതം നൽകൽ | ഐ.കെ.എം | 1,09,650/-രൂപ (വികസന ഫണ്ട് ജനറൽ) | 10/15-9-22 |
| 140/23, MCF ന് 3 ഫേസ് ഇലക്ട്രിക് കണക്ഷൻ | കെ.എസ്.ഇ.ബി, പുത്തൂർ | 9,980/-രൂപ (തനത് ഫണ്ട്) | ചെക്ക് നമ്പർ-326017/ 6-10-22 |
| 282/23, കോട്ടപ്പുറം കല്ലുംമൂട് കനാൽ റോഡ് നിർമ്മാണം | കെ.ഐ.പി | 4,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി) | 20/17-3-23 |
| 283/23, നെല്ലിയാർ മുകൾ വലിയകുഴി റോഡ് നിർമ്മാണം | കെ.ഐ.പി | 5,00,000/-രൂപ (വികസന ഫണ്ട് | 24/25-3-23 |

| | | | |
|---|---|---|---|
| | | എസ്.സി.പി) | |
| | **ആകെ** | **10,19,630/-** | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 10,19,630/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 15/25-11-23**

**തടസ്സപ്പെടുത്തുന്ന തുക – 10,19,630/-രൂപ**

**1-20 നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കിയില്ല.**

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ചതിൽ വിനിയോഗ ബാക്കി, നിർവഹണ ഏജൻസി തിരികെ ഒടുക്കിയിട്ടില്ല എന്നു കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | നിർവ്വഹണ ഏജൻസി | നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബാക്കി നിൽക്കുന്ന തുക (രൂപ) |
|---|---|---|---|---|
| 141/23, MCF ഇലക്ട്രിഫിക്കേഷൻ | പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ,ആലപ്പുഴ | 1,00,000/- (തനത് ഫണ്ട്) ചെക്ക് നമ്പർ-2928293/ 7-7-22 | 95,096/- | 4,904/- |
| 190/23, AE ഓഫീസ് യു.പി.എസ് വയറിംഗ് | പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ,ആലപ്പുഴ | 80,000/- (തനത് ഫണ്ട്) ചെക്ക് നമ്പർ-326017/ 6-10-22 | 77,200/- | 2,800/- |
| 285/23,GWLPS സ്കൂൾ വയറിംഗ് | പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ | 2,20,000/- (റോഡിതരം) ബിൽ നമ്പർ-437/ 16-3-23, ബിൽ നമ്പർ-448/ 17-3-23 | 2,16,762/- | 3,238/- |
| | | | **ആകെ** | **10,942/-** |

പ്രവൃത്തിയുടെ വിനിയോഗത്തിനുശേഷം അധികമായ തുക തിരികെ ഈടാക്കിയിട്ടില്ല. ആയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിന് ശേഷം ബാക്കി നിൽക്കുന്ന 10,942/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 15/25-11-23**

**തടസ്സപ്പെടുത്തിയ തുക – 10,942/-രൂപ**

**1-21 റോഡ് നിർമ്മാണ പ്രവൃത്തി എഞ്ചിനിയറിംഗ് വിഭാഗം വഴി നടപ്പാക്കാതെ കെ.ഐ.പി യിൽ തുക**

**നിക്ഷേപിച്ചിരിക്കുന്നു.**

പദ്ധതി - 282/23, കോട്ടപ്പുറം കല്ലുംമൂട് കനാൽ റോഡ് നിർമ്മാണം, വാർഡ് 14

അടങ്കൽ - 4,00,000/-രൂപ (വികസനഫണ്ട് എസ്.സി.പി)

ചെലവ് - 4,00,000/-രൂപ

പദ്ധതി - 283/23, നെല്ലിയാർമുകൾ വലിയകുഴിറോഡ് നിർമ്മാണം, വാർഡ് 7

അടങ്കൽ – 5,00,000/-രൂപ(വികസനഫണ്ട് എസ്.സി.പി)

ചെലവ് - 5,00,000/-രൂപ

എസ്.സി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി കെ.ഐ.പി യിൽ തുക നിക്ഷേപിച്ചു. കെ.ഐ.പി യുടെ അനുമതി വാങ്ങി ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വഴി റോഡ് നിർമ്മാണം നടപ്പാക്കാതെ ഇത്തരത്തിൽ കെ.ഐ.പി യിൽ തുക നിക്ഷേപിച്ചത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്. പ്രവൃത്തിയുടെ തുടർനടപടി വിവരം അറിയുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക നിക്ഷേപിച്ചതിന് ശേഷമുള്ള തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല. റോഡ് നിർമ്മാണ പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം – 15/25-11-23**

**1-22 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ 15,785/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പദ്ധതി – 139/23, Street Light സ്ഥാപിക്കൽ

അടങ്കൽ - 2,00,000/-രൂപ

ചെലവ് – 1,99,465/-രൂപ (ബിൽ നമ്പർ-7/25-8-22)

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അമ്മിണി ഏജൻസിയുടെ നിരക്ക് അംഗീകരിച്ച് 139 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ K.S.E.B യ്ക്ക് 128 ലൈറ്റുകൾക്കുള്ള സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ രേഖകൾ ആണ് ഫയലിൽ ഉള്ളത്. 11 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ അറിയുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 11 വിളക്ക് സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച 15,785/-രൂപയുടെ ചെലവ് (11 X 1435) തടസ്സപ്പെടുത്തുന്നു. 11 വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം – 15/25-11-23**
**തടസ്സപ്പെടുത്തിയ തുക – 15,785/-രൂപ**

**1-23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും – സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല.**

പ്രോജക്ട് – 240/23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

അടങ്കൽ – 4,00,000/-രൂപ (എസ്.സി.പി)
ചെലവ് - 3,00,000/-രൂപ (ബിൽ നമ്പർ-20/30-3-23)

നിർവ്വഹണോദ്യോഗസ്ഥ – ഹെഡ് മിസ്ട്രസ്സ്

പദ്ധതി പ്രകാരം 60 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഖ.7.2.6 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേന തന്നെ ഫർണ്ണീച്ചർ വിതരണം ചെയ്യണം എന്നാണ് ഉള്ളത്. എന്നാൽ

അപ്രകാരമല്ല ഇവിടെ വിതരണം ചെയ്തിരിക്കുന്നത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് സ്കൂളിൽ നിന്ന് പ്രഥമധ്യാപകൻ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥ മേശയും കസേരയും വിതരണം ചെയ്തു. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കാത്തത് നിർവ്വഹണത്തിലെ വീഴ്ചയാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പുതിയ മാർഗ്ഗരേഖ ശ്രദ്ധയിൽപെട്ടില്ല എന്നും തുടർന്നുള്ള വർഷങ്ങളിൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 3/21-11-23**

### 1-24 സിമന്റ് വില – മിഷൻ ഡയറക്ടറുടെ ഉത്തരവ് പാലിക്കേണ്ടതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന പൊതു ആസ്തി പ്രവൃത്തികൾക്ക്, 08.07.2022 ലെ OMB/ALP/AW/20/2022 ഉത്തരവ്, 17.08.2022 ലെ മിഷൻ ഡയറക്ടറുടെ കത്ത് എന്നിവ പ്രകാരം സെക്വർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരക്ക് നൽകാൻ പാടില്ലായെന്നും പ്രവൃത്തി കാലയളവിലെ പ്രാദേശിക മാർക്കറ്റ് നിരക്ക് മാത്രമേ നൽകാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വിവിധ പൊതു ആസ്തി നിർമ്മാണ പ്രവൃത്തികളിൽ സെക്വയർ എസ്റ്റിമേറ്റ് നിരക്കായ 515/-രൂപ, 545/-രൂപ എന്നിങ്ങനെയുള്ള വിലയാണ് സിമന്റിനു നൽകിയിരിക്കുന്നത്. ഈ കാലയളവിലെ വ്യക്തിഗത ആനുകൂല്യങ്ങളുടെ നിർമ്മാണ പ്രവൃത്തികളിൽ സിമന്റിന്റെ പ്രാദേശിക വില 400/-രൂപയാകുന്നു. പ്രവൃത്തിയുടെ കാലയളവും, കരാറും 8/22 നു ശേഷമാണ് (3/23). എന്നാൽ ഫണ്ട് ലഭ്യമാകാത്തതിനാൽ മെറ്റീരിയൽ വില നൽകിയിട്ടില്ല എന്നു ഓഡിറ്റ് എൻക്വയറി നം.11/25-11-23 നു മറുപടി ലഭ്യമാക്കി. പ്രാദേശിക നിരക്കിൽ അധികമായി നൽകുന്ന തുകയ്ക്ക് അക്രഡിറ്റഡ് എൻജിനീയറും സെക്രട്ടറിയും ഉത്തരവാദിയായിരിക്കും. മെറ്റീരിയൽ വില നൽകുമ്പോൾ 2.5 ലക്ഷത്തിനു മുകളിലുള്ള ബില്ലുകളിൽ നിന്നും 2% ജി.എസ്.റ്റി കൂടി ഈടാക്കേണ്ടതാണ്. ഏറ്റെടുത്ത പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നതിന്റെ രേഖകളും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ വില (രൂപ) | സിമന്റ് വില (രൂപ) | നിരക്ക്(രൂപ) |
|---|---|---|---|
| സൂര്യമംഗലം - പറങ്കിമാംവിള റോഡ്<br>RC – 36526<br>അടങ്കൽ – 5,65,261/-<br>ആകെ ചെലവ് - 4,89,596/- | 4,08,566/- | 2,07,457/- | 549/- |
| കോരായികോട്-തേവൻച്ചേരി റോഡ് കോൺക്രീറ്റ്<br>RC – 350216<br>അടങ്കൽ - 1,68,919/-<br>ആകെ ചെലവ് - 4,89,596/- | 1,38,821/- | 66,255/- | 515/- |
| കണ്ണങ്കര കോളനി റോഡ്<br>RC - 350213<br>അടങ്കൽ – 8,23,584/-<br>ആകെ ചെലവ് - 7,76,098/- | 6,71,159/- | 3,20,454/- | 515/- |

### 1-25 കുടിവെള്ള കിണർ നവീകരണം പദ്ധതി – ലക്ഷ്യം കൈവരിച്ചില്ല.

ഈ പദ്ധതി പ്രകാരം നം. 1, 3, 10, 13, 14 എന്നീ വാർഡുകളിലെ കിണറുകളുടെ അറ്റകുറ്റ പണികൾ

നടത്തുകയും, നം.1, 3, 10, 13 എന്നീ വാർഡുകളിലെ കിണറുകളിൽ പമ്പ് സെറ്റുകൾ, ഇലക്ട്രിസിറ്റി കണക്ഷന് മീറ്റർ സ്ഥാപിക്കാനാവശ്യമായി ബോർഡ് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമായില്ലായെന്ന് അസി. എൻജിനീയർക്കൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ കാണപ്പെട്ടു. പദ്ധതിലക്ഷ്യം കൈവരിക്കാത്തതിനാൽ ഈയിനത്തിലെ 4,55,165/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തടസ്സപ്പെടുത്തുന്ന തുക – 4,55,165/-രൂപ**

2. പ്രോജക്ട് നം. – 90/23 പൊതു കിണർ നവീകരണം

അടങ്കൽ - 2,21,600/-രൂപ (സി.എഫ്.സി)

ചെലവ് - 2,20,855/-രൂപ (വൗച്ചർ നം.2220039/25/8/22)

വാർഡ് നം. 11, 19 എന്നിവിടങ്ങളിലെ പൊതുകിണർ നവീകരിച്ച പമ്പ് സെറ്റുകൾ സ്ഥാപിച്ചെങ്കിലും ഇവിടങ്ങളിലും വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. ആയതിനാൽ 2,20,855/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വൈദ്യുതി കണക്ഷനുള്ള പ്രോജക്ട് വച്ചിട്ടുണ്ടെന്നും ഉടൻ നടപ്പാക്കുമെന്നും മറുപടി ലഭ്യമാക്കി. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം – 14/25.11.23**

**തടസ്സപ്പെടുത്തുന്ന തുക – 2,20,855/-രൂപ**

## 1-26 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്തൽ പ്രവണത ആശ്വാസ്യകരമല്ല.

മരാമത്ത് പ്രവൃത്തികൾക്ക് തുച്ഛമായ ഫണ്ട് വകയിരുത്തി പ്രവൃത്തികൾ നിർവഹിക്കുന്നതിനാൽ റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്നില്ല. മരാമത്ത് വിഭാഗത്തിന് 109 പ്രോജക്ടുകൾ രൂപീകരിച്ചിരുന്നു. ഇതിൽ 86 പ്രവൃത്തികൾ നടപ്പിലാക്കി. നടപ്പിലാക്കിയ 7 പദ്ധതികൾ ഒഴികെ 79 പദ്ധതികളുടെയും അടങ്കൽ 4,00,000/-രൂപയിൽ താഴെയാണ്. 39 പ്രോജക്ടുകളുടെ അടങ്കൽ 2,00,000/-രൂപയിൽ താഴെ ആകുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാന ഗ്രാന്റ്) തുക 2,00,000/-രൂപയിൽ കുറവായി വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച 28 പദ്ധതികളാണ് നടപ്പിലാക്കിയത്. ഓരോ റോഡിന്റെയും തുടക്കഭാഗം, ഇടയ്ക്കുള്ള ഭാഗം എന്നിങ്ങനെ ചെറിയ റീച്ചുകളുടെ കോൺക്രീറ്റ് പണികളാണ് പ്രധാനമായും ചെയ്തത്. ഇത്തരത്തിലുള്ള പ്രവൃത്തി നിർവഹണം ആശ്വാസ്യകരമല്ല. റോഡു പ്രവൃത്തികൾക്ക് ആവശ്യാനുസരണം ഫണ്ട് വകയിരുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജന പ്രവണത ഒഴിവാക്കി വിശാലാടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗത്തിനു പദ്ധതികൾ രൂപീകരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരുന്നു.

## 1-27 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – പൊതു അവലോകനം

ലേബർ ബജറ്റ് പ്രകാരം 4199 പ്രവൃത്തികൾക്കായി 709.7 ലക്ഷം രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക വേതനം ഉൾപ്പെടെ 56.56 ലക്ഷം രൂപ വേതനമിനത്തിലും, മെറ്റീരിയൽ വിലയായും ഭരണചെലവിനത്തിലുമായി നൽകിയിട്ടുണ്ട്. അൺ സ്കിൽഡ് വേതനമായി 46.3 ലക്ഷം രൂപയും സ്കിൽഡ്/സെമിസ്കിൽഡ് വേതനമായി 1.8 ലക്ഷം രൂപയും മെറ്റീരിയൽസ് വിലയായി 4.9 ലക്ഷം രൂപയും ചെലവഴിച്ചു. 2088 കുടുംബങ്ങൾക്കായി 146730 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു ഇതിൽ 883 തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുകയും ചെയ്തു.

വാട്ടർ കൺസർവേഷൻ, ഭൂവികസനം, വ്യക്തിഗത ആനുകൂല്യങ്ങളായ തൊഴുത്തു നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, എന്നീ പ്രവൃത്തികളും നടപ്പിലാക്കി. പൊതു ആസ്തി നിർമ്മാണത്തിൽ 3 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പിലാക്കി.

## 1-28 ഹരിതകർമ്മസേന – അവലോകനം

ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുമായി സഹകരിച്ച് മാലിന്യമുക്ത

കേരളത്തിനായി കുടുംബശ്രീ മിഷന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘമാണ് ഹരിതകർമ്മസേന. ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി ഓരോ വാർഡിലും 2 പേർ വീതം അടങ്ങുന്ന 46 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന 2018-19 മുതൽ പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മ സേന അംഗങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിന്യസിച്ചാണ് വീട്ടുകളിൽ നിന്നും 50/-രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100/-രൂപയും ഈടാക്കി പുനരുപയോഗത്തിനായി ജൈവ-അജൈവ വസ്തുക്കൾ ശേഖരിക്കുന്നത്. ഈ ഇനത്തിൽ ലഭിക്കുന്ന തുകയാണ് ഇവരുടെ പ്രധാന വരുമാന മാർഗ്ഗം.

പ്രദേശവാസികളുടെ പൂർണ്ണമായ സഹകരണം ലഭിക്കാത്തത് മൂലം പദ്ധതി പ്രവർത്തനം പൂർണ്ണമായും വിജയത്തിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല. യൂസർ ഫീ ഇനത്തിൽ 100% നേട്ടം കൈവരിക്കുന്നതിന് ഈ നിസ്സഹരണം വിഘാതമാകുന്നു. നിലവിൽ 50%ത്തിൽ താഴെ മാത്രമാണ് യൂസർഫീ കളക്ഷൻ. വീടുകളിൽ നിന്നുള്ള നിസ്സഹകരണം, മിനി എം.സി.എഫ്, എം.സി.എഫ്. എന്നിവിടങ്ങളിൽ ആവശ്യത്തിന് സൗകര്യമില്ലാത്ത അവസ്ഥ എന്നിവയാണ് നിലവിൽ ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ. മാലിന്യസംസ്കരണത്തിന്റെ അനിവാര്യത സംബന്ധിച്ച് പ്രദേശവാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയും, എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചും, അശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചും പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 തനതുവരുമാനം - അവലോകനം

### (1) വസ്തുനികുതി പരിഷ്കരണം

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി നിശ്ചയിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/ത.സ്വ.ഭ.വ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 18.04.2023-ലെ 3(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 16.06.2023 ലെ

6(2) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

(2) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കാവുന്നതാണ്.

(3) തൊഴിൽ നികുതി

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(4) പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 22.11.23, 23.11.23 | കെ.എസ്.എ.കെ.എൽ.എം.പി.11/1970/2023 തീയതി - 15.12.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 114417/- | ക്ഷീരകർഷകർക്കുള്ള പാലിനുള്ള സബ്സിഡി | 114417/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 920000/- | ലൈഫ് ഭവന നിർമ്മാണം എസ്.സി. | 920000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 800000/- | അങ്കണവാടി പോഷകാഹാര പദ്ധതി എസ്.സി.പി. | 800000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 110000/- | സ്കോളർഷിപ്പ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 110000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 130221/- | അങ്കണവാടി പോഷകാഹാര പദ്ധതി | 130221/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 382500/- | സമഗ്ര നെൽകൃഷി വികസനം | 382500/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 600000/- | അങ്കണവാടി പോഷകാഹാര പദ്ധതി | 600000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 250000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1040000/- | ലൈഫ് ഭവന പദ്ധതി | 1040000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 920000/- | ലൈഫ് ഭവന നിർമ്മാണം എസ്.സി. | 920000/- | 0 |
| ബ്ലോക്ക് | 2022-23 | 680196/- | ക്ഷീരകർഷകർക്കുള്ള | 680196/- | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പാലിനുള്ള സബ്സിഡി | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| KSEB | 140/23 - MCF ന് 3 ഫേസ് ഇലക്ട്രിക് കണക്ഷൻ | ചെക്ക് നമ്പർ- 326017/6-10-22 | 9,980/- | 9,980/- | 0 |
| KSEB | 141/23 - MCF ഇലക്ട്രിഫിക്കേഷൻ | ചെക്ക് നമ്പർ- 2928293/ 7-7-22 | 1,00,000/- | 1,00,000/- | 0 |
| KSEB | 147/23 എ.ഇ. ഓഫീസ് യു.പി.എസ് വയറിംഗ് | ചെക്ക് നമ്പർ- 326017/ 6-10-22 | 80,000/- | 80,000/- | 0 |
| KSEB | 285/23 ജി.ഡബ്ല്യു.യു. കൈതക്കോട് സ്കൂൾ വയറിംഗ് | ബിൽ നമ്പർ-437/ 16-3-23, ബിൽ നമ്പർ-448/ 17-3-23 | 2,20,000/- | 2,20,000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | G.O.(M.S)NO.68/ 2018 LSGD | 0 | 1,93,09,110/- | 38,46,847/- | - | 1,54,62,263/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2004-05 | 3-1 | തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2007-08 | സ്പെഷ്യൽ റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുകചെലവഴിച്ചു. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4.1.6<br>4.1.7 | | 1997-98 വർഷം എം.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പി എച്ച് സി കെട്ടിടം 2013-14 വർഷം 5,55,306/-രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. 2015-16 വാർഷിക പദ്ധതിയിൽ 3,00,000/-രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്പിൽഓവർ പ്രോജക്ട് തുടരുന്നു. |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണം | 2014-15 | 4.2.15 | ചാലായത്ത് കടവിൽ നദീതീരം കൈയ്യേറി കൃഷി ചെയ്യുന്നു. | ചാലായത്ത് കടവിൽ കൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നറിയുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,88,305/- | ഡോ ജൂന വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-18 | 360,823/- | ശ്രീമതി ബിന്ദു എം.എൽ. ഹെഡ് മിസ്ട്രസ്സ് |
| 1-19 | 10,19,630/- | ശ്രീ.ചെറിയാൻ ജോർജ്ജ്, സെക്രട്ടറി |
| 1-20 | 10,942/- | ശ്രീ.ചെറിയാൻ ജോർജ്ജ്, സെക്രട്ടറി |
| 1-22 | 15,785/- | ശ്രീ.ചെറിയാൻ ജോർജ്ജ്, സെക്രട്ടറി |
| 1-25 | 6,76,020/- | ശ്രീമതി അനിത എസ്., അസി.എഞ്ചിനീയർ |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ചെറിയാൻ ജോർജ്ജ്, സെക്രട്ടറി | സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | ലതികാ ഭവനം, കല്ലേലിഭാഗം പി ഒ, കരുനാഗപള്ളി |
| ശ്രീമതി ബിന്ദു എം.എൽ., ഹെഡ് മിസ്ട്രസ് | ജി. എൽ. പി. എസ്. കുന്നത്തൂർ | നീലാംബരി, മനക്കര, ശാസ്താംകോട്ട |
| ഡോ ജൂന വി, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, PHC, കുടുംബാരോഗ്യകേന്ദ്രം, എസ്. എൻ.പുരം | അകാശ് ദീപ്, ഓയൂർ |
| ശ്രീമതി അനിത എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | ദേവനന്ദനം, പന്മന, ചവറ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.11/400(2)/18, 23.02.18 | 29, 30, 31, 32, 34(1), 35, 39 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.11/400(3)/18, 23.02.18 | 26 (1), (2), 27 (1), (2), 36, 37, 40, 42-2, 37 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട്) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി.11/400(4)/18, 23.02.18 | 2, 2 എ, 2-3 ബി, 9, 25 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി.11/400(5)/18, 23.02.18 | 2, 10, 13, 16, 17, 20 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.11/400(6)/18, 23.02.18 | 2-1, 2-2, 2-3, 3-2, 3-3, 3-5 (1), (4), 3-5 (5), |

| | | |
|---|---|---|
| | | 3-10, 3-11 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.11/400(7)/18, 23.02.18 | 2-2, 2-7, 2-8 , 3-1, 3-3, 3-4, 3-5, 3-6,3-7, 3-8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.11/400(8)/18, 23.02.18 | 2-3, 3-2, 3-3, 3-4, 3-7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.11/400(9)/18, 23.02.18 | 3-1, 3-3, 3-4, 3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.11/400(10)/18, 23.02.18 | 3-6(1), 3-6(2) |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.11/748(1)/19, 31.05.19 | 2-2, 3-1, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14,3-16, 3-17, 3-18, 3-19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.11/748(2)/19, 31.05.19 | 2-1, 2-2, 3-1, 3-2, 3-3, 3-4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.11/748(3)/19, 31.05.19 | 2-2, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19 | 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19 | 9 ഖണ്ഡികകൾ |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 11-12/360/22, 19.08.22 | 12 ഖണ്ഡികകൾ |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/12-13 & 13-14/360/22, 19.08.22 | 18 ഖണ്ഡികകൾ |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 14-15/360/22, 19.08.22 | 10 ഖണ്ഡികകൾ |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 15-16/360/22, 19.08.22 | 22 ഖണ്ഡികകൾ |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി11/1543/2017 തീയതി. 11.10.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/189/2019 തീയതി 27.4.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി11/398/2020 തീയതി: 07.05.20 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി11/1722/2021 തീയതി: 06.06.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി11/1723/2021 തീയതി: 05.07.2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി11/1847/2022 തീയതി: 03/12/2022 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 05-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pavithreswaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pavithreswaram Grama Panchayat for the year 2022-2023

**Date: 15/12/2023**

**Deputy Director**
**District Office Kollam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pavithreswaram Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit Ratios, Notes on account.
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. CFC Expenditure in ACR does not match with Expenditure in AFS
4. Suchitwa Mission fund Expenditure is not included in Annual Financial statement.
5. Payment head Misclassification.

6. Unpaid treasury bills are not excluded from Web Saankhya Appropriation Control Register.
7. Profession tax, Demand Register are not maintained properly.
8. In B4 Schedule, SAGY unspent balance is included in Life State Share.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**